ആമുഖം

തൃശൂർ ജില്ലയിലെ കൊടകര ബ്ലോക്കിൽ വരന്തരപ്പിള്ളി പഞ്ചായത്ത് കുടുംബശ്രീ സി. ഡി.എസ് 22 വാർഡുകളിൽ 156 എ. ഡി. എസ് കളോട് കൂടികുടുംബശ്രീ ഭരണസമിതി പ്രവർത്തിച്ചുവരുന്നു. അതിൽ 398 അയകൂട്ടങ്ങളിലായി 5871 അംഗങ്ങൾ പ്രവർത്തിച്ചു വരുന്നു.

വരന്തരപ്പിള്ളി ഗ്രാമ പഞ്ചായത്ത് കോറോണ വ്യാപനം അറിഞ്ഞതുമുതൽ ജാഗ്രതയോടെ പ്രവർത്തനങ്ങൾ ആരംഭിച്ചു. ഓഫീസിൽ എത്തുന്ന അയൽക്കൂട്ട അംഗങ്ങളോട്Break The Chain ൻ്റെ ഭാഗമായിഹാൻ്റ് വാഷ്, സാനി റ്റൈസൻ, മുഖാവരണം എന്നിവ ഉപയോഗിക്കേണ്ടതിൻ്റെപ്രാധാന്യം മനസ്സിലാക്കി കൊടുത്തു. കൃത്യമായ സാമൂഹിക അകലം പാലിച്ചുകൊണ്ട്ആദ്യ ദിവസത്തിൽഓഫീസ് പ്രവർത്തനങ്ങൾ സുഗമമാക്കി. എല്ലാ അയൽക്കൂട്ടആരോഗ്യ അംഗവളണ്ടിയർ മാർക്ക് കാറോണ വൈറസ് വ്യാപനത്തിനെതിരെയുള്ള പ്രതിരോധ ക്ലാസുകൾ ഹെൽത്ത്ഡിപ്പാർട്ട്മെൻ്റിൻ്റെ നേതൃത്വത്തോടെ നൽകി. ലോക്ക് ഡൗൺപ്രഖ്യാപിച്ച്തൊട്ടടുത്ത ദിവസങ്ങളിൽ തന്നെ പഞ്ചായത്തിൻ്റെ നേതൃത്വത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റികിച്ചൺ ൻ്റെ നേതൃത്വം ഏറ്റെടുക്കുകയും വളാം നല്ല രീതിയിൽ 27 ദിവസം 9000ത്തിൽ പരം അംഗങ്ങൾക്കുംഅതിഥി തൊഴിലാളികൾക്കും നിരാലംബരായആളുകൾക്ക് ഉൾപ്പെടെ ഭക്ഷണം നൽകി. സി.ഡി.എസ്മെമ്പർമാർ ട്രെയിനിംഗ് ലഭിച്ചവർ സമൂഹ അടുക്കളയിലേക്ക് സഹായം നൽകി.വാർഡ് മെമ്പർമാർ സി.ഡി.എസ് മെമ്പർമാർ ദത്തൊരുമിച്ച്സമൂഹത്തുക്കളിൽ നിന്ന് പൊതിച്ചോറുകൾ ഭക്ഷണങ്ങൾ അവരുടെ ചിലവിൽ വീടുകളിൽഎത്തിച്ചു നൽകിജെ.എൽ.ജിസംഘകൃഷി ഗ്രൂപ്പുകൾ അവരുടെ കൃഷിയിടങ്ങളിലെ പച്ചക്കറികൾ സമൂഹ അടുക്കളയിലേക്ക് നൽകി . വിഷുവിന് ആശ്രയഎസ്. ടിഗുണഭോക്താക്കൾക്ക്വിഷു കൈനീട്ടം പദ്ധതിയിലൂടെ ആവശ്യാനുസരണം പച്ചക്കറി നമ്മുടെ സംഘകൃഷിക്കാർ ലഭ്യമാക്കി . ആശ്രയകുടുംബാംഗങ്ങൾക്ക്വീട്ടിൽ പോയി പോഷകാഹാര കിറ്റ്സി.ഡി.എസ് അംഗങ്ങൾ നൽകി.ആശ്രയ കുടുംബത്തെ കൊറോണ വൈറസ് വ്യാപനംഎങ്ങനെ തടയാമെന്ന് ബോധവൽക്കരണ ക്ലാസുകൾ നടത്തി. കൊറോണയെ സംബന്ധിച്ച് പത്രസമ്മേളം നടത്തിയതിൻ്റെ തത്സമയ റിപ്പോർട്ട്വാട്ട്സാപ്പ്മുഖേന അയൽക്കൂട്ടങ്ങളിൽ

പ്രചരിപ്പിച്ചു.വിദേശത്ത് നിന്ന് വന്നവർഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നവർ എന്നിവരുടെ പേരും അഡ്രസ്സും അവരെ ശക്തമായ ക്യാറത്റെൽ പ്രവേശന ആവശ്യതെയെകുറിച്ചും അയൽക്കൂട്ട അംഗങ്ങളിൽ പ്രാധാന്യം ബോധിപ്പിച്ച് കൊടുത്തു. അതിൻ്റെ പ്രാധാന്യം മനസ്സിലാക്കി കൊണ്ട് അവർ വിദേശത്ത് നിന്ന് വന്നാലോ ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നാലോ കൃത്യമായി അറിയിപ്പ് നൽകാൻ തുടങ്ങി. കൊറോണ വൈറസ് പ്രതിരോധ മാർഗങ്ങൾ എല്ലാ അയൽക്കുട്ട അംഗങ്ങളിലും കൃത്യമായി എത്തിച്ചു.ജനകീയ അടുക്കള ലോക്ക് ഡൗൺ സമയത്ത് തന്നെ തുടങ്ങി.ജകീയ അടുക്കളയിലേക്ക് വേണ്ട പച്ചക്കറികൾ നമ്മുടെ സംഘകൃഷിക്കാരിൽ നിന്നും ശേഖരിച്ച് തുടങ്ങി. അങ്ങനെ' ലോക്ക് സൺ സമയത്ത് നമ്മുടെ സംഘകൃഷിക്കാർക്ക് അവർ കൃഷി ചെയ്ത പച്ചക്കറികൾക്ക് വിപണന സ്ഥലം കണ്ടെത്തി. കൊറോണ കാലത്ത് വാർഡിലെ വയോജന അയൽക്കൂട്ടത്തിൽ എത്തി അവർക്ക് അവരുടെ സമയം വിരസത തോന്നാതെ ഉപയോഗിക്കാനുള്ള പരിപാടികൾ ആവിഷ്ക്കരിച്ചു ബാലസഭ കുട്ടികൾക്കായി ജില്ലാ മിഷൻ തരുന്ന മത്സരങ്ങളിൽ ആരെ പങ്കെടുപ്പിച്ച അവരിൽ ഉറങ്ങി കിടക്കുന്ന കഥാ കവിത വാസനകൾ ഒരു പരിധി വരെ ഉയർത്താൻ കഴിഞ്ഞു.' ആ ശ്രയ കുടുംബാഗങ്ങൾക്ക് മരുന്ന് ലഭ്യമാക്കി. സി.ഡി.എസ് മെമ്പർമാർ ഭക്ഷണം, മരുന്ന് എന്നിവ കൃത്യമായി കിട്ടുന്നുണ്ടോ എന്ന് ഉറപ്പ് വരുത്തി. അയൽക്കൂട്ട അംഗങ്ങളിലെ ക്രിയാത്മക വാസനകൾ പോഷിപ്പിക്കുന്ന തരത്തിലുള്ള വാട്ട്സ്ആപ്പ് മത്സരങ്ങൾ നടത്തി. പച്ചക്കറി സ്വയം പര്യാപ്തത കൈവരിക്കുന്നതിന വേണ്ടിപഞ്ചായത്ത് കൃഷിഭവൻമുഖേന പയർ, വെണ്ടകൂടാതെ അവരവരുടെ അടുക്കളയിലേക്ക് ആവശ്യമായ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കാൻ തുടങ്ങി കൊറോണയെ തുടർന്ന് ഉണ്ടായ വരുമാന നഷ്ട്ടങ്ങൾ തടയുന്നതിനായിമുഖ്യമന്ത്രിയുടെ സഹായഹസ്തം വായ്പാ പദ്ധതിയിലേക്ക് അയൽക്കുട്ടങ്ങളിൽ നിന്ന് അപേക്ഷ വാങ്ങിക്കുകയും അതിൽ നിന്ന് അർഹരായ 366അയൽക്കൂട്ടങ്ങൾ അക്ഷലോണിനായി വിവിധബാങ്കുകളിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. എല്ലാ ബാങ്കുകളും ലോൺ നൽകി തുടങ്ങി.ജി.എൽ.എസ്.പി.യുടെ ഭാഗമായിട്ടുള്ളസന്നദ്ധ സേനയിൽ ഒട്ടുമിക്ക അയൽക്കൂട്ടത്തിൽ നിന്നും രണ്ടു പേരെ വീതം രജിസ്റ്റർ ചെയ്തിട്ടുണ്ട്.ജി.എൽ.എസ്.പിയുടെ ഓൺലൈൻ പരിശീലന ക്ലാസിലേക്ക് ഉള്ള ലിങ്ക് ഡൗൺലോഡ് ചെയ്യുകയുംതാഴെ തട്ടിലേക്ക എത്തിക്കുകയും ചെയ്തു.കോവിസ് - 19 ൻ്റെ ഭാഗമായുള്ള റേഷൻ കട വഴി വിതരണം

ചെയ്ത സൗജന്യ കിറ്റിലേക്ക് ഒ വേർമീൽ സംരംഭകരിൽ നിന്നും മുളകുപൊടി, മല്ലിപ്പൊടി ,മഞ്ഞൾപ്പൊടി എന്നിവ വാങ്ങി നൽകി തുടർന്ന് സാധനങ്ങൾ പാക്ക് ചെയ്യുന്നതിനുള്ളതുണി സഞ്ചികൾ പല തയ്യൽ യൂണിറ്റുകൾ തയ്ച്ച് നൽകിയിട്ടുണ്ട്.13- ആംവാർഡിലെ അയൽക്കൂട്ടങ്ങൾ 200 രൂപ വീതം ഞ്ചേരിച്ച് തുണി എടുത്ത് തയ്യൽ യൂണിറ്റുകൾ സൗജന്യമായി മാസ്ക് ധരിച്ച് എല്ലാ വീടുകളിലേക്കും കുടുംബശ്രീ വഴി വിതരണം ചെയ്തു.മൂന്നാം ലോക്ക്ഡൗണിന് ശേഷം എല്ലാ മാനദണ്ഡങ്ങളും പാലിച്ച്കൊണ്ട് അയൽക്കൂട്ട അംഗങ്ങൾ മൈക്രോ ഗ്രീൻ ക്യാമ്പെയിനുംപാള കൊണ്ട് ഗ്രോബാഗും ഉണ്ടാക്കി.

സുഭിഷ കേരളത്തിൻ്റെ ഭാഗമായി തരിശുഭൂമി കണ്ടെത്തി വാർഡ് തലത്തിൽസംഘകൃഷി ഗ്രൂപ്പുകാരെ കൊണ്ട് ജൈവവൈവിധ്യ പാർക്ക് പ്രൊജക്റ്റ് ആരംഭിച്ചു.

കോ വിഡ്- 19 എന്ന മഹാമാരിയെ പിടിച്ചുകെട്ടാൻ സർക്കാരും കുടുംബശ്രീ ജില്ലാ മിഷനും നിർദ്ധേശിക്കുന്ന എല്ലാ പ്രവർത്തനങ്ങൾക്കും വരന്തരപ്പിള്ള സി.ഡി.എസിലെ എല്ലാ പ്രവർത്തകരും മുൻപന്തിയിൽ തന്നെ ഉണ്ടാകും.





24 - 05 - 2020

കുടുംബശ്രീചെയർപേഴ്സൺ

വരന്തരപ്പിള്ളി സി. ഡി.എസ്

ബിന്ദുസത്യരാജ്

9526526083

ശ്രുതിബിനേഷ്

M K S P ബ്ലോക്ക്കോർഡിനേറ്റർ

കൊടകരബ്ലോക്ക്

9605490896